**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 381** **23-07-2021 - ൽ മറുപടിയ്ക്ക്**

**വാത്സല്യനിധി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതി പെൺകുട്ടികൾക്കായി നടപ്പാക്കിയ വാത്സല്യനിധി പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഒരു ലക്ഷം രൂപ വരെ വരുമാന പരിധിയിൽ ഉള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന പേരിൽ ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നു. പട്ടികജാതി പെൺകുട്ടികളുടെ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പും, എൽ.ഐ.സി.ഓഫ് ഇന്ത്യയും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതിക്ക് വകുപ്പ് 1,38,000/- രൂപ നാല് ഇൻസ്റ്റാൾമെന്റുകളിലായി പെൺകുട്ടികളുടെ പേരിൽ നിക്ഷേപിക്കുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ എൽ.ഐ.സി. 3,00,000/- രൂപ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടിക്ക് നൽകുന്നു. 01/04/2017 മുതൽ ജനിച്ച പെൺകുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കണം. മാനദണ്ഡങ്ങൾ നിക്ഷേപ തുക പ്രീമിയം 1) പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ 39,000/- I രജിസ്റ്റർ ചെയ്തിരിക്കണം 2) ആദ്യ 90 ദിവസത്തിനു ള്ളിൽ നവജാത ശിശുവിന് വേണ്ട പ്രതിരോധ വേണ്ട കുത്തിവയ്പുകൾ എടുത്തിരിക്കണം 1) പെൺകുട്ടിക്ക് 5 വയസ്സ് പൂർത്തിയായിരിക്കണം 2) പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയിട്ടുണ്ടായിരിക്കണം. കൂടാതെ നിശ്ചിത പ്രായത്തിനുള്ളിൽ എടുക്കേണ്ട ബാക്കിയുള്ള പ്രതിരോധ കുത്തിവയ്പുകൾ എടുത്തിരിക്കണം. 36,000/- II അഞ്ചാം തരത്തിലേക്ക് പ്രവേശനം നേടുകയും 10 വയസ് പൂർത്തിയാകുകയും ചെയ്യണം. ആയത് ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിരിക്കണം 33,000/- III പെൺകുട്ടി |

| | | | |
|---|---|---|---|
| | | | പത്താംതരം പാസ്സാകുകയും 15 വയസ്സ് പൂർത്തിയാകുകയും വേണം. പത്താംതരം പാസായതിന്റെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയത് ഹാജരാക്കണം. 30,000/- IV |
| (ബി) | ഈ പദ്ധതിയിൽ അപേക്ഷ സമർപ്പിക്കാനുള്ള പ്രായപരിധി രണ്ട് വയസ്സായി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | പ്രായപരിധി രണ്ട് വയസ്സായി ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ